തായി പരാതിയുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പരാതിയുടെ വെളിച്ചത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : അതു് ഓരോരുത്തരുടെ സ്വഭാവത്തിനനുസരിച്ചുള്ള ആരോപണമെന്നാണു് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മന്ത്രി ഇടപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും മറ്റും ചോദിക്കുന്നതു ശരിയല്ല. ആരോപണമുൾക്കൊള്ളുന്ന ചോദ്യങ്ങളാണ് ചോദിക്കേണ്ടതു്.

ശ്രീ. എം. രാമുണ്ണി : ഇവിടെ ഇങ്ങനെ ധാരാളംപേർ ചോദിക്കുന്നുണ്ടു്.

മി. സ്പീക്കർ : അതിനു് ഉത്തരവും പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള ചോദ്യങ്ങളാണ് ഇനിമേൽ ചോദിക്കേണ്ടതു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സഹകരണ ആക്റ്റനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ള രൂൾസിനു് ഞങ്ങളാരും ഭേദഗതി തരുകയും അതിന്റെ ചർച്ച നടക്കുകയും ചെയ്തു എന്നു വരാം. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ പല മാറ്റങ്ങളും വരാനും ഇടയുണ്ടു്. ഉദാഹരണത്തിനു് സക്കിം യൂണിയന്റെ തെരഞ്ഞെടുപ്പും മറ്റും തന്നെയാണു്. അതുകൊണ്ടു് ഇങ്ങനെ ഒരു ചർച്ച നടന്നു് അവസാനമായി ഒരു തീരുമാനമെടുക്കുന്നതുവരെ ഇതു സംബന്ധിച്ചുള്ള നടപടികളാണ് നിറുത്തിവയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സക്കിം യൂണിയന്റെ ഘടനയും രൂളുമായിട്ടു് യാതൊരു ബന്ധവുമില്ല. ഇങ്ങനെ ഒരു ചർച്ച നടക്കാനിരിക്കുന്നു എന്നുള്ളതിന്റെ പേരിൽ ഒരു തെരഞ്ഞെടുക്കപ്പെടുന്ന ബോഡി അധികാരത്തിൽ വരുന്നതിനെ തടയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : രൂളുമായിട്ടു് ബന്ധമില്ലെന്നു് പറഞ്ഞു. പ്രാതിനിധ്യവ്യവസ്ഥയും മറ്റും രൂളിലുണ്ടല്ലോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : പ്രാതിനിധ്യവ്യവസ്ഥ തികച്ചും ആക്റ്റിലാണുള്ളതു്.

Private Hospital

* 79. [205] **Shri S. P. Luiz :** Will the Health Minister be pleased to state :

Are the Government aware that private hospitals are refusing medical aid to victims of road accidents and victims of quarrels ?

Health Minister **(Shri B. Wellingdon).**

Government have not received any complaint in this matter.

ശ്രീ. കെ. എം. ജോർജ് : എന്തെങ്കിലും ഒരു ആക്സിഡന്റു സംഭവിച്ചു് പ്രൈവറ്റു ഹോസ്പിറ്റലിൽ കൊണ്ടുചെന്നാൽ ഗവണ്മെൻറു് ആശുപത്രിയിൽ കിട്ടുന്നതുപോലേയുള്ള ചികിൽസാ സൗകര്യം കിട്ടാതെ വരുന്നുണ്ടു്. ഇങ്ങനെ സഹായം കിട്ടേണ്ട സമയത്തു് സഹായംകിട്ടാതെ വരുന്നതുകൊണ്ടു് പല വിഷമങ്ങളും ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യം കണക്കിലെടുത്തു് എന്തെങ്കിലും ഏർപ്പാടു് ഉടനടിതന്നെ ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അങ്ങനെ ഒരു പരാതി ഗവണ്മെൻറിനു കിട്ടിയിട്ടില്ല. അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചിട്ടുമില്ല.

---

* Question put by Shri K. M. George.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എൻ. കണപതി : സർ, ഗുരുവായൂർ ടവണിൽ കവർമെൻട് ആസ്പത്രിയിൽ ഒന്നും ഇല്ലല്ലോ. കണ്ണൻതേവൻ കമ്പനിയിൽ മാത്രമാണ് ആസ്പത്രി ഉണ്ടു. അങ്ങു പെരിയിൽ ഉള്ളവർക്കു ചികിത്സകൾ ഒന്നും ചെയ്യുമാട്ടാർക്കൾ. അതുകൊണ്ടു നമ്മുടെ കവർമെൻട് അതിനു വേണ്ടിയ നടപടിക്കൈ മേറ്റ് കൊള്ളുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഗുരുവായൂരിലെ ആശുപത്രി എസ്റ്റേറ്റാവശ്യത്തിനു വേണ്ടി അവർ ഉണ്ടാക്കിയതാണു്. അതുകൊണ്ടു് എസ്റ്റേറ്റിനുപുറത്തുള്ളവർക്കു് സഹായം ലഭിക്കാറില്ല. മുന്നാറിലേക്കുവേണ്ടി പള്ളിവാസലിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ നടപടികൈം എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ബി. മാധവൻനായർ: പൊൻമുടി എസ്റ്റേറ്റു് ആശുപത്രിക്കു് ഈ അടുത്ത കാലംവരെ 500 രൂപ ഗവണ്മെൻറു് ഗ്രാൻറു് നൽകുകയും അതിൻെറ അടിസ്ഥാനത്തിൽ പരിസരത്തുള്ള ആളുകൈക്കു് സൗജന്യചികിത്സ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ഇപ്പോൈം ആ ഗ്രാൻറു് നിറുത്തിയതുകാരണം ചികിത്സാസൗജന്യം അവിടെ നിന്നും കിട്ടുന്നില്ലെന്നുള്ളതിനെ ആസ്പദമാക്കി ഈ കാര്യം ഗവണ്മെൻറു പരിശോധിച്ചു വേണ്ടതു ചെയ്യുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: പരിശോധിക്കാം.

റീസർവ്വെ ചെയ്യൽ

* 80. [206] ശ്രീ. എൻ. കെ. ശേഷൻ:

,, കുമാരിയാസു് തൊറായിസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് റീസർവ്വെ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ടു്?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്.

(ബി) കോട്ടയം, നെയ്യാറ്റിൻകര, കൊല്ലം, ചെങ്ങന്നൂർ, പെരുമ്പാവൂർ, പാലക്കാടു്, ആലത്തൂർ, ചിറ്റൂർ, തെക്കേവയനാടു് എന്നീ താലൂക്കുകളിൽ റീസർവ്വെ അനുവദിച്ചിട്ടുണ്ടു്.

കൺടോക്കർമാർ ഉന്നയിച്ച തുക്കൈം

* 81. [207] ശ്രീ. വി. എസു്. അച്യുതാനന്ദൻ
,, എസു്. ദാമോദരൻ
,, ഇ. പി. കൃഷ്ണൻനമ്പ്യാർ
,, എ. എസു്. മുൻ. നമ്പീശൻ
,, ആർ. കൃഷ്ണൻ (പാലക്കാടു്)
,, എ. പി. കുര്യൻ
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു് കൺടോക്കർമാർ ഉന്നയിച്ച എത്ര തുക്കൈം ആർബിട്രേഷനു വിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly